പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1676

13-07-2011-ൽ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിലെ ശ്രീപാദം സ്റ്റേഡിയത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ)<br>ആറ്റിങ്ങൽ മണ്ഡലത്തിലെ ശ്രീപാദം സ്റ്റേഡിയത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; | (എ)<br>ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായി. ഔപചാരികമായ ഉദ്ഘാടനം 01-03-2011-ൽ നടത്തുകയുണ്ടായി. ഇതിനായി 229 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി)<br>ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏറ്റവുമധികം കുടുംബങ്ങൾ താമസിക്കുന്ന മണ്ഡലമായതിനാൽ കിളിമാനൂർ കേന്ദ്രമാക്കി പട്ടികജാതി വകുപ്പിന്റെ സഹായത്തോടെ ഒരു സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കുമോ; | (ബി)<br>ഇത് സംബന്ധിച്ച് പദ്ധതിരേഖ സമർപ്പിക്കുന്ന മുറയ്ക്ക് പട്ടിക ജാതി വകുപ്പുമായി സഹകരിച്ച് സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേക പരിശീലന പരിപാടി സ്പോർട്സ് വകുപ്പ് നടത്തുന്നുണ്ടോ ?

(സി) നിലവിലില്ല.

സെക്ഷൻ ഓഫീസർ.